# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


No. KEEC/GL/2025/42

തിരുവനന്തപുരം
30.06.2025

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : - KSEB ഇൻസ്പെക്ഷൻ ബംഗ്ലാവ് പൊതുജനങ്ങൾക്കുകൂടി തുറന്ന് കൊടുക്കുവാനുള്ള തീരുമാനം റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്.**

IB എന്നാൽ ഇൻസ്പെക്ഷൻ ബംഗ്ലാവ് എന്നാണല്ലോ. ജോലിയുടെ ഭാഗമായ Audit/Inspection ന് പോകുമ്പോൾ ഉപയോഗിക്കാനുള്ളത്. അത് ചുരുക്കം ചില സാഹചര്യങ്ങളിൽ ജീവനക്കാർ വ്യക്തിപരമായ യാത്രകളിലും ഉപയോഗിക്കാറുണ്ട്. അതിന് മാത്രമുള്ളതാണ്. KSEB യുടെ IB KSEB ഉണ്ടായ 1957 മുതൽ നാളിതുവരെ അങ്ങനെ തന്നെയാണ് ഉപയോഗിച്ച് വന്നിരുന്നത്. എന്നാൽ അടുത്തിടെ ബോർഡ് ഇറക്കാൻ പോകുന്ന ഉത്തരവിൽ അത് പൊതുജനങ്ങൾക്കുകൂടി തുറന്ന് കൊടുക്കുവാൻ തീരുമാനം എടുക്കാൻ പോകുന്നതായി അറിയുന്നു. ഇത് അംഗീകരിക്കാനാകില്ല. കാരണം നിലവിൽ ജീവനക്കാർ/പെൻഷൻകാർ മാത്രമായിട്ടുപോലും പലർക്കും ബുക്കിംഗ് കിട്ടുന്നില്ല. ചുരുക്കം സ്ഥലങ്ങളിൽ മാത്രമാണല്ലോ IB ഉള്ളത്. KSEB യുടെ IB യെ PWD ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് പോലെ ബോർഡ് കണ്ടുവെങ്കിൽ അതിന്റെ കാരണം ഇൻസ്പെക്ഷൻ ബംഗ്ലാവും ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ പറ്റാതിരുന്നതുകൊണ്ടാണ്. മാത്രവുമല്ല PWD ക്ക് എല്ലാ താലൂക്ക് അടിസ്ഥാനത്തിലും ഹോട്ടൽ ശൃംഖല പോലെ വലിയ കെട്ടിടങ്ങൾ/റൂമുകൾ ഉണ്ട്. അത് കൊണ്ടാണ് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്ത്. KSEB ക്ക് അങ്ങനെ ഒരു സംവിധാനം ഇല്ലല്ലോ. കറന്റ് വിൽക്കുന്ന KSEB മറ്റൊരു കച്ചവടത്തിലേക്കു കൂടി കടക്കണോ എന്ന് രണ്ടുവട്ടം ആലോചിക്കേണ്ടതാണ്. ഇതിനുവേണ്ടി മുടക്കുന്ന തുക മറ്റൊരു വൈദ്യുതി ചാർജ് വർദ്ധനവിലൂടെ പാവം ജനത്തിന്റെ തലയിൽ അടിച്ചേൽപ്പിക്കേണ്ടിവരില്ലേ. ഹൈഡൽ ട്യൂറിസം എന്ന നമ്മുടെ കമ്പനി കഴിഞ്ഞ കുറെ വർഷങ്ങളായി ശരാശരി 4 കോടിവച്ച് നഷ്ടം വരുത്തിക്കൊണ്ടിരിക്കുകയാണല്ലോ. അതിന്റെ നഷ്ടവും വൈദ്യുതി ചാർജ് എന്ന പേരിൽ സാധാരണ ജനത്തിന്റെ തലയിൽ അടിച്ചേൽപ്പിക്കുകയാണല്ലോ. മേൽ സാഹചര്യങ്ങളൊക്കെ പരിഗണിച്ച് ഇൻസ്പെക്ഷൻ ബംഗ്ലാവ് പുറത്ത് ആൾക്കാർക്ക് ബുക്കിംഗ് നൽകാനുള്ള നീക്കം പിൻവലിക്കണം. അതേ സമയം IB ബുക്കിംഗ് ഓൺലൈൻ ആയി നടപ്പിലാക്കണം. ജീവനക്കാർക്ക് HRI's വഴിയും പെൻഷൻകാർക്ക് പെൻഷൻ പോർട്ടൽ വഴിയും ബുക്കിംഗ് ചെയ്യാവുന്ന രീതിയിൽ ഓൺലൈൻ ബുക്കിംഗ് ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | നസീർ.എം |
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES CONFEDERATION
Reg: No. 01-14/87
AFFI. No. 10485
INTUC